# നാളികേരത്തിന്റെ നാട്ടിൽ

ഓണവിപണിയിൽ തേങ്ങയ്ക്കിപ്പോൾ ചൂടുപിടിച്ച വിലയാണ്. അടക്കയേക്കാൾ കുറച്ചുവലിയ തേങ്ങയ്ക്ക് കമ്പോളത്തിലിപ്പോൾ 15 രൂപ കൊടുക്കണം. വലിപ്പമനുസരിച്ച് ഇത് 30 രൂപ വരെ എത്തും. എത്രയോ കാലത്തിനുശേഷം ഈ ഓണക്കാലമാണ് കേരകർഷകർക്ക് തങ്ങളുടെ ഉത്പന്നത്തിന് ഭേദപ്പെട്ട വിലലഭിച്ചത്. നല്ല വലിയ തേങ്ങ ഒന്നിന് 20 രൂപ വരെ കിട്ടിയ കർഷകരുണ്ട്. 12 രൂപ മുതൽ 15 രൂപവരെ പൊളിക്കാത്ത സാധാരണ തേങ്ങയ്ക്ക് വില കിട്ടിയ കർഷകരും ധാരാളം. കേരകൃഷി അത്രമോശം ഏർപ്പാടൊന്നുമല്ലെന്ന ബോധം കർഷകർക്കിടയിൽ വളരാൻ ഈ വിപണി സഹായിക്കുമെന്ന് ഉറപ്പാണ്. കൃഷിയെന്നത് എന്നും നഷ്ടക്കച്ചവടമാണ് എന്ന ധാരണ തിരുത്താൻ സഹായിക്കും വിധത്തിൽ തേങ്ങയ്ക്കിപ്പോൾ ആവശ്യക്കാരും വർധിച്ചിരിക്കുകയാണ് എന്നുവേണം കരുതാൻ. ഏതായാലും കേരകർഷകരുടെ നല്ലകാലം കേരളത്തിന്റെയും നല്ലകാലമാകും എന്നുവേണം പ്രതീക്ഷിക്കാൻ. താരതമ്യേന ദീർഘകാലം അവഗണിക്കപ്പെട്ട തെങ്ങിനെ ഒരു തൊഴിൽസാധ്യത എന്ന നിലയിൽ പരിഗണിക്കാൻ പുതിയ തലമുറയിലെ മലയാളി യുവാക്കൾതന്നെ തയ്യാറായിവരുന്ന ദൃശ്യം ഏതുനിലയ്ക്കും വലിയ കാലമാറ്റത്തിന്റെ സൂചനയാണ്. കോഴിക്കോട്ട് നാളികേര വികസന ബോർഡ് നടപ്പാക്കിവരുന്ന സൗജന്യ തെങ്ങുകയറ്റ പരിശീലന പരിപാടിക്ക് യുവാക്കളിൽനിന്നുള്ള പ്രതികരണം ആവേശജനകമാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 2012-ൽ കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടിയിലുള്ള പെരുവട്ടൂർ ഉജ്ജയിനിയിൽ തുടക്കമിട്ട തെങ്ങുകയറ്റ പരിശീലന പരിപാടിയിൽ ഇതുവരെ 40 ബാച്ചുകളിലായി 900 പേർ തെങ്ങുകയറ്റയന്ത്രമുപയോഗിച്ച് പരിശീലനം നേടിക്കഴിഞ്ഞിരിക്കുകയാണ്. ഇടപ്പള്ളി കേന്ദ്രമായി പ്രവർത്തിക്കുന്ന ലോക്കൽ ഇക്കണോമിക് ഡെവലപ്മെന്റ് സൊസൈറ്റി (ലീഡ്സ്) വഴിയാണ് ഇവിടത്തെ പരിശീലന പരിപാടി നടത്തുന്നത്.

കേരകർഷകർ ഇടക്കാലത്ത് നേരിട്ട ഏറ്റവും വലിയ പ്രതിസന്ധി തേങ്ങവലിക്കാൻ ആളെ കിട്ടാതായതാണ്. ആയിരക്കണക്കിന് ചെറുകിട കേരകർഷകരെ തെങ്ങിനെ അവഗണിക്കാൻ നിർബന്ധിതരാക്കിയ സാഹചര്യം അങ്ങനെയാണ് കേരളത്തിലുണ്ടായത്. വലിക്കാൻ ആളെ കിട്ടാതെ തേങ്ങ തെങ്ങിൽനിന്നുതന്നെ ഉണങ്ങിവീഴുന്ന അവസ്ഥ ലക്ഷക്കണക്കിന് ചെറുകിട കേരകർഷകരുടെ നിത്യാനുഭവമായി മാറിയിരുന്നു. തേങ്ങയെ ആസ്പദമാക്കിയുള്ള ഉത്പന്നങ്ങളുടെ കമ്പോളസാധ്യത ഉപയോഗപ്പെടുത്തുന്ന കാര്യത്തിൽ പൊതുവിൽ ഒരു ഉപഭോക്തൃ സംസ്ഥാനമായി അറിയപ്പെടുന്ന കേരളം വളരെ പിന്നാക്കം പോയതും തെങ്ങിന് തിരിച്ചടിയായി. ഒരുകാലത്ത് തമിഴ്നാട്ടിലേക്ക് തേങ്ങ കയറ്റിയയച്ചിരുന്ന കേരളം ഇന്ന് തമിഴ്നാട്ടിൽനിന്ന് ഇളനീർ ഇറക്കുമതി ചെയ്യുന്ന സംസ്ഥാനമായിമാറി. സ്വന്തം നാട്ടിലെ തെങ്ങിൽനിന്നുള്ള ഇളനീർ കമ്പോളത്തിലെത്തിക്കാൻപോലും ആവശ്യത്തിന് പറിക്കാൻ ആളെ കിട്ടാത്തതിനാൽ ഇളനീർ വില്പനക്കാർക്ക് കഴിയാറില്ല. യന്ത്രം ഉപയോഗിച്ച് തെങ്ങിൽ കയറാനുള്ള പരിശീലനപദ്ധതിയുടെ വിജയം ഈ മേഖലയിലെ വിദഗ്ധ തൊഴിലാളികളുടെ ക്ഷാമത്തിന് ഒരു പരിഹാരമാകുമെന്നുതന്നെവേണം കരുതാൻ. പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നവർക്ക് താമസവും ഭക്ഷണവും 3,000 രൂപ വിലവരുന്ന റെയ്ഡ്കോയുടെ തെങ്ങുകയറ്റ യന്ത്രവും സൗജന്യമായി നൽകുന്നുണ്ട്. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഒരു ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷയും നാളികേര വികസന ബോർഡിന്റെ സർട്ടിഫിക്കറ്റും നല്കുന്നുണ്ട്.

തെങ്ങുകയറ്റത്തൊഴിലാളിയെ കിട്ടാൻ നഗരവാസികൾ അനുഭവിക്കുന്ന ഗതികേടിന്റെ വേദന പറയുന്ന 'നാളികേരത്തിന്റെ നാട്ടിൽ' എന്നൊരു നർമലേഖനത്തിന് കാർട്ടൂണിസ്റ്റ് ഗോപീകൃഷ്ണൻ വരച്ച കാർട്ടൂൺ ഈ അവസരത്തിൽ സ്മരണീയമാണ്. ആൾക്കൂട്ടത്തിന് പിടികൊടുക്കാതെ ബൈക്കിൽ കുതിക്കുന്ന തെങ്ങുകയറ്റത്തൊഴിലാളിക്ക് പിറകേ തേങ്ങ സ്വയം പൊഴിച്ചുകൊണ്ട് തെങ്ങുതന്നെ ഈ ഓട്ടപ്പാച്ചിലിൽ അണിനിരക്കുന്ന കാഴ്ചയായിരുന്നു അത്. നഗരത്തിലെ അഞ്ചും പത്തും സെന്റ് പറമ്പിൽ നാലും അഞ്ചും തെങ്ങുള്ളവർ അത്രയും ഗതികെട്ട അവസ്ഥയിൽ തന്നെയാണിപ്പോൾ. പരിശീലനം കിട്ടിയ തെങ്ങുകയറ്റത്തൊഴിലാളികൾ നമ്മുടെ തൊഴിൽ മേഖലയിലേക്ക് എത്തുമ്പോൾ ഈ ചിത്രം ഒരു ഗതകാലസ്മരണയായി മാറിയേക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം. കേരളീയർക്കും ഒരു നല്ലകാലം വരട്ടെ.